**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2858** **03-08-2021 - ൽ മറുപടിയ്ക്ക്**

**തുറവൂരിലെ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക പഠനകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂരിൽ പ്രവർത്തിക്കുന്ന സംസ്കൃത സർവ്വകലാശാല പ്രാദേശിക പഠന കേന്ദ്രം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന് സ്ഥലമെടുക്കുന്നതിന് 2019-20 ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ തുക വകയിരുത്തിയതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി സർവ്വകലാശാല നിയോഗിച്ച കമ്മിറ്റി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽപ്പെട്ട ആറ് ഏക്കർ 63.43 സെന്റ് ഭൂമി അനുയോജ്യ മാണെന്ന് കണ്ടെത്തിയ ശേഷം വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം എന്നിവ ഉൾക്കൊള്ളുന്ന ഫോറം-2 രേഖകൾ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ഭരണാനുമതി ഉത്തരവിനായി സർവ്വ കലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിന് അനുയോജ്യ മായ ഭൂമി കണ്ടെത്തുന്നതിനായി സർവ്വകലാശാല നിയോഗിച്ച കമ്മിറ്റി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽപ്പെട്ട ആറ് ഏക്കർ 63.43 സെന്റ് ഭൂമി അനുയോജ്യ മാണെന്ന് കണ്ടെത്തിയ ശേഷം വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം എന്നിവ ഉൾക്കൊള്ളുന്ന ഫോറം-2 രേഖകൾ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ഭരണാനുമതി ഉത്തരവിനായി സർവ്വ കലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ